# പതിനാലാം കേരള നിയമസഭ

## രണ്ടാംസമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 52

## 27.09.2016 ലെ മറുപടിക്ക്

## ട്രഷറി കോർബാങ്കിംഗ് സിസ്റ്റം

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീമതി. ഇ.എസ്. ബിജിമോൾ**<br>**ശ്രീ. വി.ആർ. സുനിൽ കുമാർ**<br>**ശ്രീ. ജി.എസ്.ജയലാൽ**<br>**ശ്രീ. മുഹമ്മദ് മുഹസിൻ.പി.** | **ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി**<br>**ഡോ. റ്റി.എം. തോമസ് ഐസക്** |
| (എ) | ട്രഷറി കോർബാങ്കിംഗ് സിസ്റ്റം എന്ന് മുതൽ നടപ്പിലാക്കാനാകുമെന്ന് അറിയിക്കുമോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും വിശദവിവരങ്ങളും ലഭ്യമാക്കുമോ; | ട്രഷറി കോർബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കിവരുന്നു. 2016 ഡിസംബർ മാസം അവസാനത്തോടെ സംസ്ഥാനത്തെ മുഴുവൻ ട്രഷറികളിലും കോർബാങ്കിംഗ് സിസ്റ്റം ഏർപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 20.09.2016 വരെ 69 ട്രഷറികളിൽ കോർബാങ്കിംഗ് സിസ്റ്റം ഏർപ്പെടുത്തിക്കഴിഞ്ഞു.<br><br>കേരളത്തിലെ ട്രഷറികളിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉടമകൾ നേരിടുന്ന പരിമിതികളിൽ പ്രധാനപ്പെട്ടത് അവർക്ക് അക്കൗണ്ടുള്ള ട്രഷറികളിൽനിന്നു മാത്രമേ പണമിടപാടുകൾ നടത്തുവാൻ കഴിയുകയുള്ളൂ എന്നതാണ്. ട്രഷറി കോർബാങ്കിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതോടുകൂടി ട്രഷറി സേവിംഗ്സ് ബാങ്കിൽ അക്കൗണ്ടുള്ള ഒരാൾക്ക് സംസ്ഥാനത്തെ ഏത് ട്രഷറിയിൽനിന്നും പണമിടപാടുകൾ നടത്തുവാൻ കഴിയും. കൂടാതെ ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതോടുകൂടി ഒരാളുടെ അക്കൗണ്ടിൽനിന്ന് പണം മറ്റ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലേക്കോ ബാങ്ക് അക്കൗണ്ടുകളിലേക്കോ ഏത് സമയത്തും സ്വമേധയാ മാറ്റുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കും. ഇതുവഴി ട്രഷറികളിൽ നേരിട്ടുപോയി ഇടപാട് നടത്തുന്നതിന്റെ ആവശ്യകത ഇല്ലാതാവും. മാത്രവുമല്ല, 24x7 സമയത്തും പ്രവർത്തനക്ഷമവുമാണ്. |
| (ബി) | സർക്കാർ ജീവനക്കാരുടെ ശമ്പള ബില്ലുകൾ തയ്യാറാക്കുന്ന സ്പാർക്ക് സംവിധാനത്തെ ട്രഷറി ഇൻഫർമേഷൻ സിസ്റ്റവുമായി ബന്ധിപ്പിച്ച് ഓൺലൈനായി ശമ്പള ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി വിശദമാക്കുമോ; ഇതിന്റെ നേട്ടങ്ങൾ വിശദീകരിക്കുമോ? | സർക്കാർ ജീവനക്കാരുടെ ശമ്പളബില്ലുകൾ തയ്യാറാക്കുന്ന സ്പാർക്ക് സംവിധാനത്തെ ട്രഷറി ഇൻഫർമേഷൻ സിസ്റ്റവുമായി ബന്ധിപ്പിച്ച് ഓൺലൈനായി ശമ്പള ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നത് 01.04.2015 മുതൽ പൂർണതോതിൽ നടപ്പിലായിക്കഴിഞ്ഞു. ശമ്പളബില്ലുകൾ ഓൺലൈനായി സമർപ്പിക്കപ്പെടുന്നതുകൊണ്ട് ഒരു ഡാറ്റ പല സ്ഥലങ്ങളിൽ enter ചെയ്യുന്നത് ഒഴിവാകുന്നു, ആയതിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കുന്നു, |

| | | |
|---|---|---|
| | | ബില്ലുകൾ സമർപ്പിക്കുന്നതിന്റെ/പാസാക്കുന്നതിന്റെ കാലതാമസം ഒഴിവാകുന്നു. മനുഷ്യ വിഭവശേഷി ലാഭിക്കാൻ കഴിയുന്നു. പണമിടപാട് സംബന്ധിച്ച് സർക്കാരിന് യഥാസമയം വിവരം നൽകാൻ കഴിയുന്നു.<br><br>നിലവിൽ ഓൺലൈനായി ബില്ലുകൾ സമർപ്പിക്കുന്നതിനോടൊപ്പം പ്രിന്റ് ചെയ്ത ബില്ലുകളും കൂടി ട്രഷറിയിൽ സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ പൂർണമായും ഓൺലൈൻ രീതി നടപ്പിലായിക്കഴിഞ്ഞാൽ പ്രിന്റ് ചെയ്ത ബില്ലുകൾ സമർപ്പിക്കേണ്ടതില്ല. ഈ നടപടിയിലൂടെ സർക്കാർ വിഭാവനം ചെയ്യുന്ന പരിസ്ഥിതി സൗഹൃദ കടലാസുരഹിത ഓഫീസുകളായി ട്രഷറികൾക്ക് പരിണമിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ